പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 915 — 20/03/2012 ൽ മറുപടിയ്ക്ക്

## പാഠപുസ്തക വിതരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ : | | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) വരുന്ന അദ്ധ്യയന വർഷത്തിലെ പാഠപുസ്തകങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് ; | (എ) | മുൻ വർഷങ്ങളിലെ പോലെ 2012-13 ലും പാഠപുസ്തകങ്ങൾ രണ്ടു വോള്യങ്ങളായാണ് അച്ചടിക്കുന്നത്. ഇതിൽ ഒന്നാം വോള്യം പുസ്തകങ്ങളാണ് വർഷാരംഭത്തിൽ വേണ്ടത്. ഇവയുടെ വിതരണം ഏപ്രിൽ 15-ന് അകം പൂർത്തിയാക്കാനുതകും വിധമുള്ള പ്രവർത്തനങ്ങളാണ് ആവിഷ്ക്കരിച്ചിരിക്കുന്നത്. മദ്ധ്യവേനലവധിക്കാലത്തു തന്നെ ക്ലാസ്സ് കയറ്റം കിട്ടിവരുന്ന കുട്ടികൾക്ക് പുസ്തകം നൽകാനാകും. ഈ ലക്ഷ്യം മുന്നിൽക്കണ്ട് ഫെബ്രുവരി 15 മുതൽ വിതരണം ആരംഭിച്ചുകഴിഞ്ഞു. |
| ബി) എല്ലാ വിദ്യാർത്ഥികൾക്കും സൗജന്യമായി പാഠപുസ്തകങ്ങൾ നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ ? | (ബി) | ഗവൺമെന്റ് എയിഡഡ് മേഖലയിലെ 1 മുതൽ 8 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് ഇപ്പോൾ സൗജന്യമായി പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നുണ്ട്. 9, 10 ക്ലാസ്സുകളിലെ കുട്ടികൾക്ക് കൂടി സൗജന്യമായി പാഠപുസ്തകം വിതരണം ചെയ്യുന്നകാര്യം സർക്കാർ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ